കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നന്ദിയോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1937/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 28.08.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),

നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1937/2017 തീയതി: 28.08.2017

## തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2016മുതൽ 21.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ എ.ജമാലുദ്ദീൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം : | 21.07.2017 മുതൽ 31.07.017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രേഖ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സഫീർ അഹമ്മദ് അബ്ദുൾ റൗഫ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.വി അജിത്ത്കുമാർ | 19.11.2015 മുതൽ നാളിതുവരെ |
| സെക്രട്ടറി | ശ്രീ.റ്റി.സുദർശൻ | 18.07.2013മുതൽ 20.12.2016വരെ |
| | ശ്രീ.ബിന്ദുരാജ്.എം.എ | 12.12.16 മുതൽ 13.06.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കൃഷ്ണകുമാർ | 12.07.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈല.എം.എ | 30.06.14 മുതൽ 20.01.17 വരെ |
| | ഡോ.കുമാരി.എസ്.ബിന്ദു | 23.01.17 മുതൽ നാളിതുവരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അനുതാര ചാംസ് | 17.03.16 മുതൽ 11.07.16 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ദിവ്യ.വി.എസ്. | 11.07.16 മുതൽ നാളിതുവരെ |
| വെറ്ററിനറി സർജൻ | ഡോ.ജോസ് ക്രിസ്റ്റഫർ രാജ് | 20.07.14 മുതൽ ഡിസംബർ 2016 വരെ |
| | ഡോ.സജീവ്കുമാർ | ഡിസംബർ 2016 മുതൽ 31.03.17 വരെ |
| എച്ച്.എം.വി.എസ്.എൽ.പി.എസ് | ശ്രീ.ഹംസ | 08.05.2013 മുതൽ നാളിതുവരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ഗീത | 03.09.2014തൽ നാളിതുവരെ |
| വില്ലേജ് എക്സ്റ്റൻഷൻ | ശ്രീ.വിജയലാൽ | 26.06.14 മുതൽ |

| | | |
|---|---|---|
| ഓഫീസർ (സർക്കിൾ-I) | | 22.06.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-II) | ശ്രീ.റാഫി.എ | 23.08.2016 മുതൽ 22.06.17 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജയകുമാർ | 29.10.14 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | സ്ഥലപരിശോധന നടത്താതെ ഡി&ഒ ലൈസൻസ് നൽകി | 2-1 | |
| 13 | പടക്ക നിർമ്മാണ ശാലകൾ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. | 2-2 | |
| 14 | പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തുനികുതി അടയ്ക്കുന്നില്ല. | 2-3 | |
| 15 | പരസ്യനികുതി പിരിക്കുന്നില്ല. | 2-4 | |
| | ഭാഗം 3 | | |
| 16 | വയോജനങ്ങൾക്കായുള്ള പദ്ധതി നടത്തിപ്പിൽ നിരവധി പാളിച്ചകൾ - 344500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 17 | സാന്ത്വനം - പാലിയേറ്റീവ്കെയർ പദ്ധതി | 3-2 | |

| | | | |
|---|---|---|---|
| | നടത്തിപ്പിൽ വീഴ്ചകൾ | | |
| 18 | സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി മരുന്ന് ലഭിക്കുന്നില്ല. | 3-3 | |
| 19 | വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്റ്റ് - നടത്തിപ്പിൽ പാളിച്ച. | 3-4 | |
| 20 | സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം - പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും വീഴ്ചകൾ | 3-5 | |
| 21 | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പദ്ധതി നടത്തിപ്പിൽ ഗുരുതര അപാകതകൾ - 82000/- രൂപ നിരാകരിക്കുന്നു. | 3-6 | |
| 22 | സെക്രട്ടറിയുടെ പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ തെരുവിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ - കെ.എസ്.ഇ.ബി നൽകിയ സാക്ഷ്യപത്രത്തിന് വിരുദ്ധമായി<br><br>ഉപകരണങ്ങൾ വാങ്ങി | 3-7 | |

| | | | |
|---|---|---|---|
| | | | |
| 23 | ഗ്രാമീണ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ - കൂടുതൽ ഡിസ്കൗണ്ട് ലഭിക്കുന്ന രീതി അവലംബിക്കുന്നുണ്ട്. | 3-8 | |
| 24 | മരാമത്തു പ്രവൃത്തികൾ - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ | 3-9 | |
| 25 | പത്രപ്പരസ്യങ്ങൾക്ക് അധിക നിരക്ക് നൽകി - ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 3-10 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| | | | |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 11.03.2016 തീയതിയിലെ 1 (i) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 156171633/- രൂപ വരവും 156433133/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 69227080/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 544210161/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം).

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2017 | 01.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾപ്പെടാത്തിയിട്ടുണ്ട്.

## 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10572524 |
| വരവ് | 58654556 |
| ആകെ | 69227080 |
| ചെലവ് | 54421016 |
| നീക്കിയിരിപ്പ് | 14806064 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 13645449 | 13645449 | 13645449 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3349000 | 3349000 | 3349000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 3661200 | 3661200 | 3661200 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4128995 | 4128995 | 4128995 | 0 |
| പെർഫോമൻസ് | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് | | | | | |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 3601562 | 3601562 | 3601562 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 1323988 | 1323988 | 1323988 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 1848 | 1372544 | 1374392 | 1230308 | 144084 |
| ബി ഫണ്ട് | 0 | 1079160 | 1079160 | 1079160 | 0 |
| തനത് ഫണ്ട്/ മറ്റ് ഫണ്ട് | 1816356 | 6298950 | 8115306 | 1898491 | 6216815 |
| മറ്റ് വരവുകൾ | 8754320 | 20193698 | 28948018 | 20502853 | 8445165 |
| ആകെ | 10572524 | 58654556 | 69227080 | 54421016 | 14806064 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് **(എണ്ണം)** | പദ്ധതി അടങ്കൽ | നടപ്പാക്കിയത് **(എണ്ണം)** | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് **(എണ്ണം)** | നടപ്പാക്കാത്തവ **(എണ്ണം)** | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 78134162 | 114 | 37499444 | 56 | 5 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1- 7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദ നികുതി | 0 | 0 | 0 |
| തൊഴിൽ നികുതി | 1695420 | 1489680 | (-)205740 |
| കെട്ടിട നികുതി | 1589245 | 2268832 | (+)679589 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 379205 | 153501 | (-)225704 |
| ഷോപ്പിംഗ് കോപ്ലംക്സ് | 338896 | 440524 | (+)101628 |
| ഡി & ഒ | 87350 | 94800 | (+)7450 |
| മറ്റുവരവുകൾ | - | 1851613 | - |
| ആകെ | 4090116 | 6298950 | 2208834 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 749160 | 630 |
| കർഷകതൊഴിലാളി പെൻഷൻ | 6059800 | 2596 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16384200 | 6121 |
| വാർദ്ധക്യകാലപെൻഷൻ | 24653800 | 8041 |
| വികലാംഗപെൻഷൻ | 3358900 | 1211 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 330000 | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 760000 | 11 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8546/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് രൂപീകരണം ഉൽപാദന സേവനമേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. പ്രോജക്ട് നടത്തിപ്പിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ധനവിനിയോഗത്തിൽ പാഴ്ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഖണ്ഡിക 3.6 കാണുക. മരാമത്തു പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സുതാര്യവും വിശ്വാസ്യതയും നിലനിർത്തേണ്ടതാണ്. (ഖണ്ഡിക 3.10) പദ്ധതി നടത്തിപ്പിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകേണ്ടതാണ് [3-1, 3-5].

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.01.2017 | 31.12.2016 വരെ | 22.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2017 | 2012-13 മുതൽ<br>2016-17 വരെ | 30.05.2017 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥലപരിശോധന നടത്താതെ ഡി&ഒ ലൈസൻസ് നൽകി

2016-17 വർഷം ഡി&ഒ ലൈസൻസിനായി അപേക്ഷിച്ച ജെ.കെ ബിവറേജസ് എന്ന സ്ഥാപനത്തിനെതിരെ ഗ്രീൻവാലി റസിഡൻസ് അസോസിയേഷൻ എന്ന സ്ഥാപനം പരാതി നൽകിയിരുന്നു. സ്ഥാപനം കുഴൽക്കിണർ കുഴിച്ച് ജലചൂഷണം നടത്തുന്നു എന്ന് അരോപിച്ച് നൽകിയ വിശദമായ പരാതിക്ക് മറുപടി നൽകാൻ സ്ഥാപനത്തോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ ഒട്ടും തൃപ്തികരമല്ലാത്ത മറുപടിയാണ് ടി സ്ഥാപനത്തിൽ നിന്നും ലഭിച്ചത്. എന്നിട്ടും ഈ മറുപടി അംഗീകരിച്ച് ലൈസൻസ് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥലപരിശോധനാ റിപ്പോർട്ട് ലഭ്യമല്ല. ഇത്തരത്തിൽ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ സ്ഥലപരിശോധന നടത്താതെ ലൈസൻസ് നൽകാൻ തീരുമാനിച്ചത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധമായി നൽകിയ അന്വേഷണ ക്കുറിപ്പിന് മറുപടിയായി സ്ഥലപരിശോധന നടത്തി നിരോധന ഉത്തരവ് നൽകിയതായും പരാതി പരിഹരിച്ച് മാത്രമേ കുഴൽക്കിണർ കുഴിക്കാവൂ എന്ന നിർദ്ദേശം നൽകിയതായും അറിയിച്ചു.

സ്ഥാപനത്തിന് ആദ്യം ലൈസൻസ് നൽകിയപ്പോൾ ഇത്തരം സ്ഥാപനങ്ങൾക്ക് (കുപ്പിവെള്ള കമ്പനികൾ) ലൈസൻസ് നൽകുമ്പോൾ പാലിക്കേണ്ട DLEC നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാറുള്ള പഞ്ചായത്തിൽ ഇത്തരം പദ്ധതികൾക്ക് ഭാവിയിൽ സൂക്ഷമമായ അന്വേഷണത്തിന് ശേഷം മാത്രമേ അനുമതി നൽകാൻ പാടുള്ളൂ.

## 2-2 പടക്ക നിർമ്മാണ ശാലകൾ ഡി&ഒ ലൈസൻസ്

എടുത്തിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്നവരുടെ പേരിൽ പടക്ക നിർമ്മാണ ശാലകൾ പ്രവർത്തിക്കുന്നു.

1. ബാബു.എസ്, അനുഭവൻ, ആനക്കുഴി, മീൻമുട്ടി

2. ഷിബു.എസ്, സുനിൽഭവൻ, ആലംപാറ

3. ലതികകുമാരി, മേക്കുംകര വീട്, ആലംപാറ

മേൽപ്പറഞ്ഞ പടക്കനിർമ്മാണ യൂണിറ്റുകൾ ഒന്നും തന്നെ 2016-17 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ അനധികൃതമായി പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അവയെല്ലാം തന്നെ അർഹമായ ഫീസ് ഈടാക്കി ലൈസൻസ് നൽകാൻ നടപടി എടുക്കേണ്ടതുമാണ്

## 2-3 പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തുനികുതി അടയ്ക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ താഴപ്പറയുന്ന മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമ | നികുതി നിരക്ക് (വാർഷികം) | പ്രവർത്തിക്കുന്ന കാലയളവ് |
|---|---|---|---|---|
| 1 | 9/23 | ഇൻഡസ് ടവർ | 10500/- | 2013 (1/2 half) മുതൽ |
| 2 | 13/205 | ടവർ വിഷൻ ഇന്ത്യ (Pvt Ltd) | 1838/- | 2013 (1/2 half) മുതൽ |
| 3 | 14/920 | ഭാരതി ഇൻഫ്രാടെൽ (Pvt Ltd) | 3780/- | 2013 (1/2 half) മുതൽ |

മേൽപ്പറഞ്ഞ ടവറുകൾ സ്ഥാപിച്ച സമയത്ത് മാത്രമാണ് നികുതി ഈടാക്കിയത് എന്ന് പഞ്ചായത്ത് അറിയിച്ചു. മേൽപ്പറഞ്ഞ ടവറുകളുടെ നികുതി കുടിശ്ശിക പൂർണ്ണമയും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി പിരിക്കുന്നില്ല.

നന്ദിയോട് ഗ്രാമപഞ്ചയത്ത് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങളിൽ നിന്നും പരസ്യ നികുതി പിരിക്കുന്നില്ല. പരസ്യനികുതി പിരിക്കുന്നതിന്

വേണ്ടിയുള്ള ബൈലോയും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. അന്തർസംസ്ഥാന പാത കടന്നുപോകുന്ന പഞ്ചായത്തിന്റെ പരസ്യ നികുതി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വയോജനങ്ങൾക്കായുള്ള പദ്ധതി നടത്തിപ്പിൽ നിരവധി പാളിച്ചകൾ - 344500/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - SO 134/17

പ്രോജക്ടിന്റെ പേര് - വൃദ്ധജനങ്ങൾക്ക് യോഗ പരിശീലനം

അടങ്കൽ തുക - 344500/- (വികസനഫണ്ട് ജനറൽ)

ചെലവായ തുക - 344500/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം./തീയതി - 02/17 , 22.03.2017

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വൃദ്ധജനങ്ങൾക്ക് യോഗപരിശീലനം എന്ന പദ്ധതിയിൽ 344500/- രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ട് ഫയലിനൊപ്പം ഹാജരാക്കാത്തതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചതിന്റെയും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ചും വ്യക്തമല്ല. പ്രോജക്ടിന്റെ പകർപ്പ് എൻക്വയറി നം.6 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായുള്ള അപേക്ഷകളും പരിശീലനം പൂർത്തിയാക്കുന്നതിന് നൽകിയ സർട്ടിഫിക്കറ്റുകളും പരിശോധിച്ചതിൽ യുവതികളും മദ്ധ്യവയസ്കരുമാണ് 50% ത്തിലധികവും പങ്കെടുത്തതെന്ന് വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം വ്യക്തമല്ലെങ്കിലും 56000/- രൂപ ചെലവഴിച്ച് 200 യോഗമാറ്റുകൾ വാങ്ങിയിട്ടുണ്ട്. 261000/- രൂപ യോഗാപരിശീലനത്തിനുള്ള ഹോണറേറിയമായി ശാന്തിയോഗാ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയതായി രേഖകളിൽ നിന്ന് മനസ്സിലാക്കുന്നു. പഞ്ചായത്തിന്റെ 23.01.2017-ലെ 11(15) നമ്പർ തീരുമാന പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തെ യോഗാപരിശീലനത്തിനായി തെരഞ്ഞെടുത്തത്. എന്നാൽ യോഗാപരിശീലനം നൽകുന്നതിനായി പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെടുകയോ ഹോണറേറിയം നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുകയോ ചെയ്തതിന്റെ രേഖകൾ എൻക്വയറി 6 പ്രകാരം ആവശ്യപ്പെട്ടിട്ടും

ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥാപനത്തെ കൂടാതെ മറ്റ് സ്ഥാപനങ്ങളെ പരിശീലനം നൽകുന്നതിനായി പരിഗണിച്ചതിന്റെ വിവരവും ലഭ്യമല്ല. മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ 344500/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-2 സാന്ത്വനം - പാലിയേറ്റീവ്കെയർ പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ

പ്രോജക്ട് നം. - S00 84/17

പ്രോജക്ടിന്റെ പേര് - സാന്ത്വനം - പാലിയേറ്റീവ് കെയർ

അടങ്കൽ തുക - 950000/- (വികസനഫണ്ട് ജനറൽ - സാധാരണ)

ചെലവായ തുക - 950000/-

ബിൽ നം./തീയതി - 01/16-17 തീയതി, 27/1/17 (255550/- രൂപ)

- 3/17 തീയതി, 28/3/17 (694450/- രൂപ)

ദീർഘകാലമായി രോഗികളായുള്ളവരുടെ പരിചരണത്തിനായുള്ള സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

*രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.*

29/10/2015-ലെ GO(Rt) 3217/2015 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി നോമിനൽ രജിസ്റ്റർ, ഹോം പ്ലാനിംഗ് രജിസ്റ്റർ, വോളന്റിയേഴ്സ് രജിസ്റ്റർ, സ്റ്റാഫ് & വോളന്റിയേഴ്സ് അറ്റന്റൻസ് രജിസ്റ്റർ, ആപ്ലിക്കേഷൻസ് മൂവ്മെന്റ് രജിസ്റ്റർ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ മുതലായവ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ നോമിനൽ രജിസ്റ്റർ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ, Patient Status Report, Attendance Sheet എന്നിവ മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളു.

*മരുന്ന് വാങ്ങുന്നതിനായി NAC വാങ്ങിയില്ല.*

11.01.2016-ലെ ജി.ഒ (എം.എസ്)4/2016 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യസ്ഥാപനത്തിന് മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനത്തിന് മരുന്ന് വാങ്ങി നൽകാവുന്നതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമായും വച്ചിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം അലോപ്പതി

മരുന്നുകൾ വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

*മരുന്നുകൾ ലഭ്യമായിട്ടില്ല*

പ്രസ്തുത പദ്ധതിയിൽ 28.03.2017 ന് 357000/- രൂപ മുൻകൂറായി Kerala Medical service Corporation Ltd : ന് നൽകിയിരുന്നെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. ഭാവിയിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും പരിപാലിക്കുവാനും, ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC യുടെ അടിസ്ഥാനത്തിൽ മാത്രം മരുന്ന് വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്. KMSCL -ൽ നിന്ന് മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി മരുന്ന് ലഭിക്കുന്നില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ഔഷധിയിൽ നിന്നും ഹോംകോയിൽ നിന്നും മരുന്ന് സമയബന്ധിതമായി ലഭിക്കാത്തതുമൂലം ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക | ബിൽ നം./ തീയതി | മരുന്ന് ലഭ്യ മായത് | ലഭ്യമാകാൻ അവശേഷിക്കുന്നത്. |
|---|---|---|---|---|---|---|---|
| 1 | SO 134/17 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 300000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 300000/- | 4/16-17, തീ. 17/3/17 | 74688 | 225312/- |
| 2 | SO 133/17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 200000/ (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 200000/- | 1/16-17 തീ.17/3/17 | 0 | 200000/- |
| 3 | SO 136/17 | ആയുർവേദ പാലിയേറ്റീവ് മരുന്ന് വാങ്ങൽ | 100000/- (57000/- തനത്ഫണ്ട് 43000/- മെയിന്റനൻസ് ഫണ്ട് റോഡിതരം) | 100000/- | (1) 5/16-17 തീ.17/3/17 (2) 6/16-17 തീ.17/3/17 | 33250 | 66750/- |

SO 134/17, SO 136/17 എന്നീ പദ്ധതികളിൽ പണം മുൻകൂറായി നൽകിയെങ്കിലും ഔഷധിയിൽ നിന്ന് ആയുർവേദ മരുന്നുകൾ ലഭ്യമായിട്ടില്ല. സർക്കുലർ നമ്പർ 5398/ ഡി.പി.1/ 2006/ത.സ്വ.ഭ.വ തീയതി, 27.02.2006, സർക്കുലർ നമ്പർ 13160/ ഡി.എ-1/ 2010/ത.സ്വഭവ തീയതി, 28/11/2010 എന്നിവ പ്രകാരം ഔഷധിയിൽ നിന്ന് മരുന്ന്

വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിൽ കരാർ വെയ്ക്കേണ്ടതും, പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ മരുന്ന് ലഭ്യമായില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കുവാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ഔഷധിയിൽ നിന്നും ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കുന്നതിനുള്ള കാല താമസത്തിന് ഔഷധിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

## 3-4 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ട് - നടത്തിപ്പിൽ പാളിച്ച.

വെറ്ററിനറി സർജൻ നടപ്പാക്കിയ ആട് വളർത്തൽ പദ്ധതി, മുട്ടക്കോഴി വളർത്തൽ പദ്ധതി എന്നിവയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന വീഴ്ചകൾ സംഭവിച്ചിരിക്കുന്നു. പദ്ധതി ഭാഗികമായേ നടപ്പിലാക്കിയിട്ടുള്ളൂ. ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പൂർണ്ണമായി നടപ്പിലാക്കാത്തതുമൂലം 50% ഗുണഭോക്താക്കൾക്ക് പോലും പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവായ തുക | പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ചവർ |
|---|---|---|---|---|---|---|
| 1 | ആട് വളർത്തൽ പദ്ധതി (വനിതാ ജനറൽ) | SO 134/17 | 600000/- | 324995/- | 120 | 65 |
| 2 | ആട് വളർത്തൽ പദ്ധതി (വനിതാ പട്ടികവിഭാഗം) | SO 142/17 | 670000/- | 210000/- | 100 | 42 |
| 3 | ആട് വളർത്തൽ പദ്ധതി (വനിതാ പട്ടിക വർഗ്ഗം) | SO 144/17 | 200000/- | 61800/- | 900 | 103 |
| 4 | മുട്ടക്കോഴി വളർത്തൽ പദ്ധതി | SO 143/17 | 533400/- | 60300/- | 889 | 134 |

| | | | | | | |
|---|---|---|---|---|---|---|
| | (വനിതാ പട്ടിക വർഗ്ഗം) | | | | | |
| 5 | മുട്ടക്കോഴി വളർത്തൽ പദ്ധതി (വനിതാ പട്ടിക വിഭാഗം) | SO 141/17 | 540000/- | 61800/- | 900 | 103 |
| 6 | മുട്ടക്കോഴി വളർത്തൽ പദ്ധതി (വനിതാ ജനറൽ) | SO 140/17 | 511200 | 454800/- | 882 | 758 |

*ഗുണഭോക്തൃ വിഹിതം മുഴുവനായി ചെലവാക്കിയില്ല*

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിത ഇനത്തിൽ 27899/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക വെറ്ററിനറി സർജന്റെ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ ബാക്കി തുകയാണെന്ന് ഓഡിറ്റ് എൻക്വയറി 9 പ്രകാരം അറിയിച്ചിട്ടുണ്ട്.

*പദ്ധതി തുക വെറ്ററിനറി സർജന്റെ TSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് - ചെലവാക്കി - മാർഗ്ഗരേഖക്ക് വിരുദ്ധം*

SO 139/17, SO 142/17, SO 144/17 എന്നീ പദ്ധതികളിൽ വികസനഫണ്ടിൽ നിന്ന് ചെലവായ തുകയായ 124595/- രൂപ, 157500/- രൂപ, 67500/- രൂപ എന്നിവ ആട് വില്പനക്കാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം വെറ്ററിനറി സർജന്റെ വിതുര സബ്ട്രഷറിയിലെ TSB അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ഗുണഭോക്താക്കൾക്ക് രസീത് വഴി തുക നൽകുകയുമാണുണ്ടായത്. ആയതിനുള്ള വിശദീകരണം എൻക്വയറി നമ്പർ 17 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായിട്ടില്ല. പദ്ധതി വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥരുടെ TSB അക്കൗണ്ടിലേയ്ക്ക് മാറ്റി ചെലവ് ചെയ്യരുതെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെ ഇപ്രകാരം ചെയ്തത് ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതികൾ നാടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കാനും ഫണ്ട് കൈമാറുവാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃവിഹിതമായ 27899/- രൂപ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധികം നിൽക്കുന്ന തുക തിരികെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം - പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും വീഴ്ചകൾ

പ്രോജക്ട് നം. - so 153/17

പ്രോജക്ടിന്റെ പേര് - സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം

അടങ്കൽ തുക - 200000/- (വികസനഫണ്ട് ജനറൽ - സാധാരണ)

ചെലവായ തുക - 200000/-

ബിൽ നം./തീയതി - 4/16-17 തീയതി, 23/3/17

നന്ദിയോട് ഗ്രാമപഞ്ചയത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെയും കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി ആയുഷുമായി ചേർന്ന് യോഗാപരിശീലനം എന്ന ലക്ഷ്യത്തോട് കൂടി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ആസൂത്രണത്തിലും നടത്തിപ്പിലും വീഴ്ചകൾ സംഭവിച്ചിരിക്കുന്നു.

നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി രേഖ പ്രകാരം കുട്ടികളിൽ വായനാശീലം വളർത്തുവാൻ ഉതകുന്ന തരത്തിലുള്ള ലൈബ്രറികൾ, ഭാവിയിൽ ഗവേഷണ താൽപ്പര്യത്തിന് വിത്ത് പാകാൻ കഴിയുന്ന തരത്തിലുള്ള ലബോറട്ടറികൾ, കായികമേഖലയ്ക്ക് കരുത്തേകുവാനും ഭാവിവാഗ്ദാനങ്ങളാകുവാനും കഴിയുന്ന തരത്തിലുള്ള പ്രതിഭകളെ വാർത്തെടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കളി സ്ഥലങ്ങൾ എന്നിവയൊക്കെ ഇനിയും സഫലമാകേണ്ട സ്വപ്നങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആവശ്യങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള പദ്ധതി ആസൂത്രണത്തിന് പകരം യോഗാപരിശീലനം എന്ന പദ്ധതിയിൽ മാത്രം നടത്തിപ്പ് ഒതുക്കിയത് അനുചിതമാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിച്ചതിലും യോഗാപരിശീലനം നൽകണമെന്ന ആവശ്യം സംബന്ധിച്ച് ഒരു നിർദ്ദേശമോ അഭിപ്രായമോ ഉന്നയിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ സ്കൂളുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത വസ്തുതകൾ നിലനിൽക്കേ സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗാപരിശീലനം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കിയത് പദ്ധതി ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

കൂടാതെ പ്രസ്തുത പദ്ധതി നടത്തിപ്പിലും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 23.01.2017-ലെ 11 (15)-ാം നമ്പർ തീരുമാന പ്രകാരം യോഗാപരിശീലനത്തിനായി ശാന്തിയോഗ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിനെ ഏകപക്ഷീയമായി പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുകയായിരുന്നു. യോഗാപരിശീലനത്തിനായി മറ്റ് സ്ഥാപനങ്ങളെയോ, വ്യക്തികളെയോ പരിഗണിച്ചതിന്റെ രേഖകളൊന്നും ലഭ്യമല്ല.

പരിശീലനത്തിനായി പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ആയത് മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടല്ല വെച്ചിട്ടുള്ളത്. പരിശീലനത്തിനുള്ള ഹോണറേറിയമായി 150000/- രൂപ നൽകിയിട്ടുണ്ടെങ്കിലും കരാറിൽ പ്രസ്തുത തുക നൽകിയതിന്റെ മാനദണ്ഡം ഉൾപ്പെടുത്തിയിട്ടില്ല. കരാറിലും ഹോണറേറിയം നൽകുന്നതിന്റെ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തെ തെരഞ്ഞെടുത്തതിലും പദ്ധതി തുക ചെലവഴിച്ചതിലും കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഭാവിയിൽ ഏതൊരു പ്രോജക്ടുകൾക്കും രൂപം നൽകുമ്പോൾ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

## 3-6 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - പദ്ധതി നടത്തിപ്പിൽ ഗുരുതര അപാകതകൾ - 82000/- രൂപ നിരാകരിക്കുന്നു.

(1) പദ്ധതി നം. /പേര് - S00 83/17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അടങ്കൽ തുക - 625000/-(SCP)

ചെലവായ തുക - 360750/-

ബിൽ നം./തീയതി - 15/LTSC/2017, 31/3/17

(2) പദ്ധതി നം. /പേര് - S00 85/17 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അടങ്കൽ തുക - 675000/-(TSP)

ചെലവായ തുക - 625300/-

മേൽപ്പറഞ്ഞ പദ്ധതികൾ വി.ഇ.ഒ – II 2016-17 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയവയാണ്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലും അവയ്ക്ക് വേണ്ടി ലാപ്ടോപ്പ് വാങ്ങിയതിലും ഗുരുതര അപാകതകൾ ചുവടെ ചേർക്കുന്നു.

*a) പദ്ധതി നടത്തിപ്പിൽ കാലതാമസം*

മേൽപ്പറഞ്ഞ രണ്ടു പദ്ധതികൾക്കും 06/09/2016 ന് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതികൾക്ക് വേണ്ടി ലാപ്ടോപ്പ് വാങ്ങുവാൻ നടപടി ആരംഭിച്ചത് 7/2/17-ൽ മാത്രമാണ്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ടി പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ പട്ടിക ജനുവരി രണ്ടാം വാരം മാത്രമാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പഞ്ചായത്തിന്റെ ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടായ ഈ വീഴ്ചയാണ്

പദ്ധതി നടത്തിപ്പിന്റെ കാലതാമസത്തിന് കാരണം.

*b) ഏററവും കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിനല്ല ടെണ്ടർ ലഭിച്ചത്.*

ലാപ്ടോപ്പ് വാങ്ങുവാൻ 07/02/17 തീയതി ദർഘാസ് പരസ്യം നൽകി നിശ്ചിത സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ദർഘാസുകൾ ക്ഷണിച്ചു. ടെണ്ടർ സമർപ്പിച്ചവരിൽ നിന്നും പവർ സി.എം.എസ് ടെക്നോളജി എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. എന്നാൽ ഇവർ ക്വോട്ട് ചെയ്ത വിലയിലും താഴെയുള്ള വിലയുള്ള ക്വട്ടേഷൻ ലേലത്തിൽ പങ്കെടുത്ത മറ്റു പല സ്ഥാപനങ്ങളും നൽകിയിരുന്നു. അതിൽ തന്നെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ട് പ്രകാരം അംഗീകാരം നേടിയവയും ഉണ്ടായിരുന്നു.

| സ്ഥാപനം | ക്വോട്ട് ചെയ്ത വില<br>(ഒരു ലാപ്ടോപ്പിന് ടാക്സടക്കം) |
|---|---|
| Power CMS Technology | 22500/- |
| Hyper Tech systems | 22050/- |

എന്നാൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ട്, വി.ഇ.ഒ യുടെ സപ്ലൈ ഓർഡർ എന്നിവയിൽ പവർ സി.എം.എസ് ടെക്നോളജി ക്വോട്ട് ചെയ്തതായി കാണിച്ചിരിക്കുന്ന വില നികുതി ഉൾപ്പെടുത്താതെയുള്ളതാണ് (21428.27/-രൂപ). ഇത് സംബന്ധമായി നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി താൻ ആദ്യമായി ചെയ്യുന്ന പർച്ചേയ്സ് പ്രോജക്ടായത് കൊണ്ട് മനഃപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചതായി വി.ഇ.ഒ. അറിയിച്ചു. വി.ഇ.ഒ തെരഞ്ഞെടുത്ത സ്ഥാപനത്തെ തന്നെ കരാർ ഏൽപ്പിക്കാൻ പഞ്ചായത്ത് കമ്മിറ്റിയും തീരുമാനിച്ചു (06.03.2017-ലെ II (4) -ാം നമ്പർ തീരുമാനം). ഇതു പ്രകാരം പവർ സി.എം.എസ്. എന്ന സ്ഥാപനത്തിന് കരാർ ലഭിച്ചു.

*c) കരാർ വ്യവസ്ഥകൾ, ടെണ്ടർ നടപടി ക്രമം എന്നിവ ലംഘിച്ചുകൊണ്ട് കരാർ ഉയർന്ന വില*

*ക്വോട്ട് ചെയ്ത മറ്റൊരു സ്ഥാപനത്തിന് നൽകി.*

വി.ഇ.ഒ ഓർഡർ ചെയ്ത ലാപ്ടോപ്പുകൾ ഏപ്രിൽ ഒന്നാം വാരം മാത്രമേ ലഭിച്ചു

എന്ന് പവർ സി.എം.എസ് സിസ്റ്റം അറിയിച്ചത് കൊണ്ട് ടി സ്ഥാപനമുൾപ്പെടെടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും 28.03.2017 നകം ലാപ്ടോപ്പ് ലഭ്യമാക്കാൻ കഴിയുമോ എന്നാവശ്യപ്പെട്ട് 24/03/2017 ന് വി.ഇ.ഒ കത്തയച്ചു. പവർ സി.എം.എസ് സിസ്റ്റത്തിന് 25/03/2017 ന് മുമ്പായി ലാപ്ടോപ്പ് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ 28.03.2017 നകം ലാപ്ടോപ്പ് നൽകുന്ന സ്ഥാപനങ്ങൾക്ക് കരാർ നൽകും എന്നായിരുന്നു കത്തിലെ ഉള്ളടക്കം. ആർക്കും ഇത് സാധിക്കാത്ത പക്ഷം മുമ്പുണ്ടാക്കിയ കരാർ (Power CMS Systems) നിലനിൽക്കുമെന്നും വി.ഇ.ഒ അറിയിച്ചു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലോ Power CMS- മായി ഉണ്ടാക്കിയ കരാറിലോ ലാപ്ടോപ്പ് നൽകാനുള്ള അവസാന തീയതി 28.03.2017 ആയി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ Power CMS യാതൊരു കരാർ ലംഘനവും നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കരാർ മറ്റൊരാൾക്ക് നൽകുന്നത് കരാർ വ്യവസ്ഥകളുടെ നഗ്നമായ ലംഘനമാകും. വി.ഇ.ഒ തന്റെ പർച്ചേയ്സ് ഓർഡർ, കരാർ മാറ്റി നൽകുന്നതിനുള്ള കത്ത് എന്നിവയിൽ മാത്രമാണ് ഒരു അവസാന തീയതിയെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളത്.

മറ്റൊരു സ്ഥാപനത്തിന് കരാർ നൽകാൻ തയ്യാറാക്കിയ കത്തിൽ മറുപടി അന്ന് തന്നെ അറിയിക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ലാപ്ടോപ്പ് പോലെ പുറത്ത് നിർമ്മിച്ച് കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ഏതൊരു സ്ഥാപനത്തിനും സമയം വേണം. എന്നാൽ ഈ സമയം നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറായില്ല. അങ്ങനെ ഈ സമയത്തിനുള്ളിൽ ലാപ്ടോപ്പ് നൽകാൻ തയ്യാറായ Triad Microsystems- ന് അവർ ക്വോട്ട് ചെയ്ത ഉയർന്ന വിലയ്ക്ക് നൽകി (24050/- രൂപ) വി.ഇ.ഒ എടുത്ത ഈ തെറ്റായ തീരുമാനം യാതൊരു അന്വേഷണവും കൂടാതെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. (25/03/17 ലെ I (5) -ാം നമ്പർ തീരുമാനം) ഇത് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്.

ഇത്തരത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് കരാർ നൽകാതെയും പിന്നെ കരാർ നൽകിയ സ്ഥാപനവുമായുണ്ടാക്കിയ കരാർ ലംഘിച്ച്കൊണ്ട് മറ്റൊരു സ്ഥാപനത്തിന് പർച്ചേയ്സ് ഓർഡർ നൽകുകയും ചെയ്തത് മൂലം 82000/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

(i) ടെണ്ടറിൽ ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത Hyper Tech Systems ഒരു ലാപ്ടോപ്പിന് ആവശ്യപ്പെട്ട വില - 22050/- രൂപ (Inclucive of all taxes)

(ii) പർച്ചേയ്സ് ഓർഡർ ലഭിച്ച Triad Microsystems

ആവശ്യപ്പെട്ട വില - 24050/- രൂപ (Inclucive of all taxes)

(iii) വിലകൾ തമ്മിലുള്ള വ്യത്യാസം -

(24050/-) - (22050/-) = 2000/-

ഒരു ലാപ്ടോപ്പിന് 2000/- രൂപ എന്ന നിരക്കിൽ നഷ്ടം സംഭവിച്ചിരിക്കുന്നു.

(iv) രണ്ട് പദ്ധതികൾക്കുമായി ആകെ 15 + 26 = 41 ലാപ്ടോപ്പുകൾ വാങ്ങി.

(v) ആകെ ഉണ്ടായ നഷ്ടം = 41x2000/- = 82000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ അധികമായി നൽകേണ്ടി വന്ന 82000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

പദ്ധതി നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനും, അദ്ദേഹം സ്വീകരിച്ച തെറ്റായ നടപടികൾക്ക് അംഗീകാരം നൽകിയ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും മേൽപ്പറഞ്ഞ നഷ്ടത്തിന് പൂർണ്ണ ഉത്തരവാദികളാണ്. ഭാവിയിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും നിയമങ്ങളും കർശനമായി പാലിക്കേണ്ടതാണ്. നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങൽ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായ വീതത്തിൽ ഈടാക്കേണ്ടതാണ്.

## 3-7 സെക്രട്ടറിയുടെ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ തെരുവിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ - കെ.എസ്.ഇ.ബി നൽകിയ സാക്ഷ്യപത്രത്തിന് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി

പ്രോജക്ട് നമ്പർ - ടoo 24/17

അടങ്കൽ - 300000/- (മെയിന്റനൻസിന് ഫണ്ട് റോഡിതരം)

ചെലവ് -299993/-

പഞ്ചായത്ത് പരിധിയിലെ പ്രവർത്തനരഹിതമായ തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തയ്യാറാക്കിയ ടി പ്രോജക്ടിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

1. 07.12.2017-ലെ കത്തിൽ പഞ്ചായത്തിലെ തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളുടെ പട്ടിക ഉള്ളടക്കം ചെയ്ത് അനുയോജ്യതാ സാക്ഷ്യപത്രം നൽകണമെന്നാവശ്യപ്പെട്ട് കത്ത് നൽകി. എന്നാൽ അതില് ഉൾപ്പെട്ടിരുന്ന LED Street Light 40 W, Cable 1.55 QMMCore, MCB 32ADP, RCCB 25 A 30M 21 എന്നിവ ഒഴിവാക്കാവുന്നതും ബാക്കിയുള്ളവ ഉപയോഗത്തിന് അനുയോജ്യമാണെന്നും സാക്ഷ്യപ്പെടുത്തി 16.02.2017 ന് DB/ES/PLD/60 KSEB കത്തു മുഖേന മറുപടി നൽകിയിട്ടുമുണ്ട്. എന്നാൽ കെ.എസ്.ഇ.ബി ഒഴിവാക്കാണമെന്ന് ആവശ്യപ്പെട്ട ഇനങ്ങൾ ഉൾപ്പെടെയാണ് ഓപ്പൺ ടെണ്ടർ പരസ്യം നൽകിയതും കുറഞ്ഞ ടെണ്ടർ നിരക്ക് സമർപ്പിച്ച ആൽഫാ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തെ അംഗീകരിച്ച്

ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ വന്ന അപാകതകൾ താഴപ്പറയുന്നു.

(1) കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രത്തിൽ ഒഴിവാക്കാണമെന്ന് നിർദ്ദേശിച്ച ഉപകരണങ്ങൾ ആവശ്യകത ഉറപ്പാക്കാതെ വാങ്ങി.

(2) LED ബൾബുകളുടെ തിരുവനന്തപുരം ജില്ലയിലെ വിതരണം ജി.ഒ (ആർ.റ്റി) 2/2015 ത.സ്വ.ഭ.വ 15.07.2015 മുഖേന കെൽട്രോണിനാണ്. ഇത് അവഗണിച്ച് ഓപ്പൺ ടെണ്ടർ മുഖേന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങി.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 2 ന് അടിയന്തിരമായി തെരുവുവിളക്ക് കത്തിക്കണമെന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കെ.എസ്.ഇ.ബി അധികൃതരുമായി കൂടിയാലോചിച്ച് ആവശ്യമായ ഉപകരണങ്ങൾ വാങ്ങണമെന്ന ഗവ.ഉത്തരവ് (ജി.ഒ (ആർ.റ്റി)/84/98 തീയതി, 05.01.1998 ത.സ്വ.ഭ.വ) നിലവിലിരിക്കേ അതിനു വിരുദ്ധമായി ഇത്തരം വാങ്ങലുകൾ നടത്തുന്നത് ചട്ടലംഘനമാണ്. കെൽട്രോണുമായി കൂടികാഴ്ച നടത്തി സാധന സാമഗ്രികളുടെ ലഭ്യത സംബന്ധിച്ച കാര്യം അന്വേഷിച്ചിരുന്നില്ല.

2 <u>LED ലൈറ്റുകൾ വാങ്ങി - ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല</u>

പ്രോജക്ട് നം. - 121/17

അടങ്കൽ - 400000/- (വികസന ഫണ്ട്)

ചെലവ് - 396550/-

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ തെരുവുവിളക്ക് വാർഷിക അറ്റകുറ്റപ്പണികൾക്കായി 77 LED ലൈറ്റുകൾ 1 എണ്ണത്തിന് 5150/- രൂപാ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയോ ഇൻസ്റ്റാൾ ചെയ്തതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 3 ന് 29.03.2017ന് കെൽട്രോൺ ലൈറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ പൂർത്തിയാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെൽട്രോണുമായി ചമച്ച കരാറിൽ ഇൻസ്റ്റലേഷൻ ഉൾപ്പെടെയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നതിനാലും ഇലക്ട്രിക് / ഇലക്ട്രിക് ഉപകരണങ്ങൾ ലഭ്യമായിട്ട് ഇത്രയും കാലത്തിന് ശേഷവും ഉപയോഗ യോഗ്യമാക്കാത്തത് സാധനങ്ങൾ നശിച്ച് പോകുന്നതിന് ഇടയാകുകയും കരാർ ചട്ടലംഘനമാവും എന്നതിനാലും അടിയന്തിരമായി അവ ഇൻസ്റ്റാൾ ചെയ്ത് തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് കെൽട്രോണുമായി അടിന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 3-8 ഗ്രാമീണ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ - കൂടുതൽ ഡിസ്കൗണ്ട് ലഭിക്കുന്ന രീതി അവലംബിക്കേണ്ടതുണ്ട്

പ്രോജക്റ്റ് നമ്പർ - SO 161/17

പ്രവൃത്തി - ഗ്രാമീണ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ

അടങ്കൽ - 110000/- (തനത് ഫണ്ട്)

ചെലവ് - 110000/-

പഞ്ചായത്ത് പരിധിയിലുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്ന മേൽ പ്രോജക്ടിൽ 110000/- രൂപ അടങ്കൽ നിശ്ചയിച്ച് ചെലവഴിച്ചതിൽ 90000/- രൂപയുള്ള പുസ്തകങ്ങൾ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും ബാക്കി 20000/- രൂപയക്കുള്ളത് കറന്റ് ബുക്ക്സിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഓപ്പൺ ടെണ്ടർ ക്ഷണിച്ച് 33 % ഡിസ്കൗണ്ടിലാണ് കറന്റ് ബുക്സിൽ നിന്നും പുസ്തകങ്ങൾ ലഭ്യമായിട്ടുള്ളത്. ബുക്ക് മാർക്കിൽ നിന്നും ലഭ്യമായിട്ടുള്ളത് 30 % ഡിസ്കൗണ്ടിലാണ്. സർക്കുലർ 38156/ഡി.എ2/2012 തസ്വഭവ തീയതി, 05/09/2012-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ബുക്ക് മാർക്കിൽ ലഭ്യമല്ലാത്തവ പുറത്ത് നിന്നും വാങ്ങാവുന്നതാണ്.

ടി പദ്ധതി നടപ്പിലാക്കിയപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 10 ഗ്രാമീണ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളുടെ ആവശ്യകതാ ലിസ്റ്റ് വാങ്ങിയിരുന്നു. എന്നാൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈബ്രറികൾ ആവശ്യപ്പെട്ട പുസ്തകങ്ങൾ കുറവും ആവശ്യപ്പെടാത്ത പുസ്തകങ്ങൾ കൂടുതലും നൽകിയിട്ടുണ്ട്. ബുക്ക് മാർക്കിൽ നിന്നും ലഭ്യമല്ലാത്ത ആവശ്യമുള്ള പുസ്തകങ്ങൾ കൂടുതൽ ഡിസ്കൗണ്ട് ലഭിക്കുന്ന കറന്റ് ബുക്സിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ നിശ്ചിത തുകയ്ക്ക് കൂടുതൽ പുസ്തകങ്ങൾ വാങ്ങുകയും ലൈബ്രറികൾക്ക് ആവശ്യപ്പെട്ട പുസ്തകങ്ങളും വിജ്ഞാനപ്രദമായുള്ളവയും ലഭ്യമാക്കുകയും ചെയ്യാമായിരുന്നു.

## 3-9 മരാമത്ത് പ്രവൃത്തികൾ - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക വിരുദ്ധമായി ടെണ്ടർ നടപടികൾ

2016-17 ൽ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് റോഡ് പ്രവൃത്തികൾക്ക് ഓപ്പൺ ടെണ്ടർ വഴി ടെണ്ടർ സമർപ്പിച്ചതിൽ ന്യായമായ എണ്ണം ടെണ്ടറുകൾ ഉണ്ടായിരുന്നതും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നതുമായ ടെണ്ടറുകളെല്ലാം റദ്ദാക്കി റീ-ടെണ്ടർ ചെയ്യുകയുണ്ടായി. പഞ്ചായത്ത് കമ്മിറ്റിയുടെ PR No. I (a) തീയതി, 16.12.16 -ലെ റെസൊല്യൂഷൻ പ്രകാരമാണ് ഇപ്രകാരം ചെയ്തത്. താഴെപ്പറയുന്ന പ്രോജക്ടുകൾക്കെല്ലാം തന്നെ

രണ്ടോ അതിലധികമോ ടെണ്ടറുകൾ ലഭിക്കുകയും അവയിൽ ഒരെണ്ണമെങ്കിലുംഎസ്റ്റിമേറ്റ് നിരക്കിൽ താഴെയായിരുന്നവയുമാണ്.

| | |
|---|---|
| 1 | 64/16-17 |
| 2 | 67/16-17 |
| 3 | 69/16-17 |
| 4 | 73/16-17 |
| 5 | 78/16-17 |
| 6 | 89/16-17 |
| 7 | 96/16-17 |
| 8 | 98/16-17 |
| 9 | 99/16-17 |
| 10 | 105/16-17 |
| 11 | 159/16-17 |
| 12 | 160/16-17 |

ഇത് സംബന്ധിച്ച് ടെണ്ടറിൽ പങ്കെടുത്തവർ ഒത്തുകളിച്ചതാണെന്നും ആയതിനാൽ മത്സരസ്വഭാവമുള്ള ടെണ്ടറുകൾ കാണുന്നില്ല എന്നും ഈ സാഹചര്യത്തിൽ ഓപ്പൺ ടെണ്ടറുകൾ എല്ലാം റദ്ദ് ചെയ്ത് റീടെണ്ടർ നടപടികൾ ചെയ്യാൻ 16.12.2016 ലെ ഭരണ സമിതി തീരുമാനിക്കുകയായിരുന്നു. മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആറ് മെമ്പർമാർ ഈ തീരുമാനത്തെ എതിർത്തിട്ടുമുണ്ട്. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ വന്ന അപാകതകൾ താഴെപറയുന്നു.

1) പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്കു വിരുദ്ധമായിട്ടാണ് എസ്റ്റിമേറ്റിൽ കുറവ്

ക്വാട്ട് ചെയ്ത ആദ്യ ടെണ്ടർ റദ്ദാക്കിയത്.

2) തുടർന്ന് റീ-ടെണ്ടർ നടത്തിയപ്പോൾ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ 12 എണ്ണത്തിൽ 9 എണ്ണവും ടിറ്റു.കെ.പി എന്ന കോൺട്രാക്ടർ തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ടിയാൻ തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും ഇതുവഴി പ്രവൃത്തികളിൽ പ്രവൃത്തികളിൽ സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെങ്കിലും ന്യായമായ രീതിയിൽ നടത്തപ്പെട്ട ആദ്യ ടെണ്ടർ നടപടികൾ റദ്ദാക്കുകയും ഭരിഭാഗം പ്രവൃത്തികളും തുടർന്ന് സിംഗിൾ ടെണ്ടർ മൂലം ഒരു കോൺട്രാക്ടർ തന്നെ ഏറ്റെടുത്തത് ടെണ്ടർ നടപടികളിൽ സുതാര്യത/വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു.

3) എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ ടെണ്ടറുകൾ റദ്ദ് ചെയ്തതിന് ശേഷം റീ-ടെണ്ടർ നടത്തിയപ്പോൾ ആദ്യത്തേതിനേക്കാൾ കൂടിയ നിരക്കുകൾ ആണ് ലഭിച്ചിരുന്നതെങ്കിൽ ഈ പ്രവൃത്തി മൂലം അധിക ചെലവ് വരുമായിരുന്നു. ഇത് കണക്കിലെടുക്കാതെയാണ് റീ ടെണ്ടർ ചെയ്തത്.

4) പ്രോജക്ട് 160/17 ആദ്യം കുറഞ്ഞ നിരക്കിൽ (20% Below estimate ) റെജി.റ്റി എന്നയാൾ ക്വോട്ട് ചെയ്തിരുന്നെങ്കിലും റദ്ദാക്കി റീ ടെണ്ടർ ചെയ്തപ്പോൾ ഒരാൾപോലും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഈ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ഇപ്രകാരം ടെണ്ടർ നടപടികളുടെ വിശ്വാസ്യതയും സുതാര്യതയും നഷ്ടപ്പെടുത്തുന്ന തരത്തിലും പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായും നടത്തുന്നത് ഒഴിവാക്കുവാൻ പഞ്ചായത്ത് സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പത്രപ്പരസ്യങ്ങൾക്ക് അധിക നിരക്ക് നൽകി - ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ - SO 17/17

അടങ്കൽ - 600000/- (വികസന ഫണ്ട് - 300000 + തനത് ഫണ്ട് -300000)

ചെലവ് - 293500/- (തനത് ഫണ്ട്)

നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി പത്രപ്പരസ്യങ്ങൾ നൽകിയതിൽ G.O(P) 17/15/I&PRD തീയതി 08.10.2015-ൽ നിഷ്കർച്ചിരിക്കുന്ന നിരക്കിൽ അധികമായും സർക്കാർ സ്ഥാപനങ്ങൾക്ക് നിർബന്ധമായും ലഭിച്ചിരിക്കേണ്ട 15% ഡിസ്കൗണ്ട് ലഭ്യമാക്കാതെയും ആണ് തുക നൽകിയിട്ടുള്ളത്. 2016-17 ൽ നൽകിയ നിരക്കുകൾ താഴെപറയും വിധം അധികച്ചെലവ് സൂചിപ്പിക്കുന്നു.

| പത്രം | തീയതി | നൽകിയത് | നൽകേണ്ടത് 15% ഡിസ്കൗണ്ട് മാത്രം | അധികം നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | അനുവദിച്ച നിരക്കിൽ | |
| കേരള കൗമുദി | 14.12.2016 | 32sq.cm @300 = 9600 | 32@ 255 = 8160 | 1440 |
| | 04.01.2017 | 40@300=12000 | 40@ 255 =10200 | 1800 |
| | 30.11.2016 | 64 sq.cm @ 300 = 19200 | 64 @ 255 =16320 | 2880 |
| | 11.12.2016 | 32 sq.cm @ 300 = 9600 | 32 @255= 8160 | 1440 |

പബ്ലിക്റിലേഷൻ ഡിപ്പാർട്ട്മെന്റ് വഴി സർക്കാർ നിരക്കിൽ നൽകിയാൽ കേരളകൗമുദി പത്രത്തിന് 124/ sq.cm എന്ന നിരക്കിൽ ലഭ്യമാണെന്നിരിക്കെ അപ്രകാരം നൽകാതെയും ഡിപ്പാർട്ട്മെന്റ് വഴി അല്ലാതെ നൽകുകയാണെങ്കിലും 15% ഡിസ്കൗണ്ട് ലഭ്യമാണെന്നിരിക്കെ ആയതും ലഭ്യമാക്കുന്നതിന് ശ്രമിക്കാതെ വാണിജ്യനിരക്കിൽ ഇപ്രകാരം പരസ്യനിരക്ക് നൽകുന്നത് അധികച്ചെലവുണ്ടാക്കുന്നു. ഇക്കാര്യ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2000000 | മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ | 0 | 200000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 207/ 09/ ത.സ്വ.ഭ.വ 07.09.09 | 22584000 | 7934462 | 159262 | - | 7775200 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (MS)207/ 09/ത.സ്വ.ഭ.വ/ 14.03.2013 | 1972554 | 1572554 | 200000 | 0 | |
| ആകെ | | 24556554 | 9507016 | 359262 | 0 | 9647754 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2011-12 | 3 (1) | 2520 | ശ്രീ.പ്രേം, സെക്രട്ടറി | 11404104080/24.01.15 |
| 2009-10 | 2 (2) | 1250 | മാനേജർ, IOB | 1140440003/23.06.14 |
| 2009-10 | 2 (2) | 1250 | നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് | 11404100853/11.06.14 |
| 1998-99 | 2 (3) | 1650 | എച്ച്.എം, എസ്.കെ.വി.എച്ച്.എസ് നന്ദിയോട് | 11404101217/07.07.14 |
| 2013-14 | 3 (6) | 2890 | ശ്രീമതി.സൂര്യ, എ.ഇ, എൽ.എസ്.ജി.ഡി | 11504101753/21.08.15 |
| 2010-11 | 3 (7) | 1000 | ശ്രീമതി.സുജാത, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 11504102224/01.10.15 |

| | | | | |
|---|---|---|---|---|
| 2010-11 | 3 (7) | 1000 | ശ്രീ.സി.ബാബു, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | 15504102235/01.10.15 |
| 2010-11 | 3 (7) | 1000 | പ്രസിഡന്റ് | 11504102236/01.10.15 |
| 2010-11 | 3 (7) | 1000 | ശ്രീ.പുലിയൂർ പ്രകാശ്, മെമ്പർ | 11504102244/01.10.15 |
| 2010-11 | 3 (7) | 1000 | ശ്രീ.ബാജിലാൽ, വൈസ് പ്രസിഡന്റ് | 11504102268/05.10.15 |
| 2010-11 | 3 (7) | 1000 | മെമ്പർ | 11504102300/07.10.15 |
| 2010-11 | 3 (7) | 1000 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | 11504102333/12.10.15 |
| 2010-11 | 3 (7) | 1000 | മെമ്പർ | 11504102497/14.10.15 |
| 2002-03 | 3 (10) | 6796 | ശ്രീ.വിജയകുമാർ, ഗിരിജാഭവൻ, പരശ്ശുവയ്ക്കൽ, പാറശ്ശാല | 11504102753/17.11.15 |
| 2013-14 | 2 (5) | 1155 | ശ്രീമതി.സൂര്യ, എ.ഇ, എൽ.എസ്.ജി.ഡി | 11504102851/25.11.15 |
| 2005-06 | 2 (1) | 482 | ശ്രീമതി.ഇന്ദിര, സീനിയർ ക്ലാർക്ക് , കല്ലറ ഗ്രാ.പ. | 11604100382/21.04.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58654556/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54421016/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 82000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 344500/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 82000 | ശ്രീ.വിജയലാൽ, വി.ഇ.ഒ II |
| | | ശ്രീ. ജി.ആർ. പ്രസാദ്, പഞ്ചായത്ത് കമ്മിറ്റി അംഗം |
| | | ശ്രീ. വി.വി. അജിത്കുമാർ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| | | ശ്രീമതി. ഗിരിജകുമാരി. എസ്, പഞ്ചായത്ത് കമ്മിറ്റി അംഗം |
| | | ശ്രീമതി. ബിന്ദു. ജി. പഞ്ചായത്ത് കമ്മിറ്റി അംഗം |
| | | ശ്രീമതി. അനിതാകൃഷ്ണൻ, പഞ്ചായത്ത് കമ്മിറ്റി അംഗം |

| |
|---|
| ശ്രീ. കെ. ചന്ദ്രൻ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീമതി. രാധാ ജയപ്രകാശ്, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീ. പി. രാജീവൻ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീമതി. ജ്യോതിഷ. എ.എസ്. പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീ. പച്ചരവി, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീ. കെ. സതീശൻ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീമതി. ദീപ. ജോസ്. ജി. പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീ. എം. ഉദയകുമാർ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീമതി. ഷീല മധുകുമാർ, പഞ്ചായത്ത് കമ്മിറ്റി അംഗം |
| ശ്രീ. സുജിത്. എസ്, പഞ്ചായത്ത് കമ്മിറ്റി അംഗം |

| | |
|---|---|
| | ശ്രീമതി. ഷീജാ പ്രസാദ്, പഞ്ചായത്ത് കമ്മിറ്റി അംഗം |
| | ശ്രീമതി. സി. സിന്ധി, പഞ്ചായത്ത് കമ്മിറ്റി അംഗം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 344500 | ഡോ.ദിവ്യ.സി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.വിജയലാൽ, വി.ഇ.ഒ II | | വടക്കുംകരവീട്, കരടിച്ചാണിമൂല,............... |

| | | | |
|---|---|---|---|
| 2 | ഡോ.ദിവ്യ.സി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | | ദിവ്യ വിഹാർ, Opposit Syndicate Bank, Sreekaryam, Tvpm |
| 3 | ജി.ആർ പ്രസാദ് | | പൊയ്കവിള വീട്, ചെല്ലഞ്ചി, പേരയം പി.ഒ |
| 4 | വി.വി.അനിൽകുമാർ | | ഗിരീഷ്ഭവൻ, വട്ടപ്പൻകാട്, പച്ച, പാലുവള്ളി പി.ഒ |
| 5 | ഗിരിജകുമാരി.എസ് | | ശോഭ ഗിരി, ചോനൻവിള, മീൻമുട്ടി പി.ഒ |
| 6 | ബിന്ദു.ജി | | രാജ്ഭവൻ ചടച്ചി കരിയ്ക്കകം, കള്ളിപ്പാറ, പാലോട് പച്ച.പി.ഒ |
| 7 | അനിതാ കൃഷ്ണൻ | | കൃഷ്ണാഭവൻ, വടക്കേവിള, പാലോട്, പച്ച പി.ഒ |
| 8 | കെ.ചന്ദ്രൻ | | തടത്തരികത്ത് വീട്, പനങ്ങോട്, പനങ്ങോട് പി.ഒ |
| 9 | രാധാജയപ്രകാശ് | | പത്മഗിരി, പുലിയൂർ, പച്ച പി.ഒ |
| 10 | പി.രാജീവൻ | | രാജീവം, പുലിയൂർ,നന്ദിയോട്, പച്ച പി.ഒ |

| | | | |
|---|---|---|---|
| 11 | ജ്യോതിഷ എ.എസ് | | ജ്യോതിഷാഭവൻ, കോവിൽകോണം, നന്ദിയോട്,പച്ച പി.ഒ |
| 12 | പച്ച രവി | | പത്മാലയം, പച്ച, പാലുവള്ളി പി.ഒ |
| 13 | കെ.സതീശൻ | | ബാബുമന്ദിരം, പച്ച, പാലുവള്ളി പി.ഒ |
| 14 | ഷീല മധുകുമാർ | | നാരകത്തിൻ വിളാകം, വലിയ താന്നിമൂട്, ഇളവട്ടം പി.ഒ |
| 15 | സുജിത്.എസ് | | പൊൻപാറ വീട്, ചൂടൽ, മീൻമുട്ടി പി.ഒ. |
| 16 | ഷീജാ പ്രസാദ് | | ഉത്രാടം, ആലംപാറ, നന്ദിയോട്, പച്ച പി.ഒ. |
| 17 | സി.സിഗ്നി | | പുഷ്പവിലാസം, പഴവിള, കുടവനാട്, പേരയം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി.10/357/2013, തീയതി, 09.05.2013 | 1 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി.10/357/2013, തീയതി, 09.05.2013 | 2 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.ജി.പി.10/357/2013, തീയതി, 09.05.2013 | 21 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1947/06, തീയതി, 25.06.2014 | 12 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.10/563/09, തീയതി, 25.06.2014 | 15 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.10/565/09, തീയതി, 25.06.2014 | 19 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14, തീയതി, 20.10.2014 | 24 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14, തീയതി, 20.10.2014 | 10 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1229/14, തീയതി, 11.08.2014 | 13 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.11/98/14, തീയതി, 11.02.2014 | 19 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.10(ബി)/751/14, തീയതി, 07.08.2014 | 28 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.10/202/15, തീയതി, 20.04.2015/07.07.15 | 27 | |

| | | | |
|---|---|---|---|
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1905/15 തീയതി, 12.11.2015 | 14 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം. ജി.പി8/1366/16 തീയതി.08.12.2016 | 34 | |
| 2015-16 | കെ.എസ്.എ.റ്റി .വി.എം. ജി.പി.10/2175/16 തീയതി.08.12.2016 | - | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകങ്ങളും ഒഴികെ, എന്റെ അഭിപ്രായത്തിൽ നന്ദിയോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന ഡിപ്രിസിയേഷൻ തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

2) RP-43 ഷെഡ്യൂളിൽ കുടിശ്ശിക ലഭിച്ച തുക മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകയേക്കാൾ കൂടുതൽ ആണ്.

3) അക്കൗണ്ട്സിൽ ഇപ്രസ്റ്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,